**പതിമൂന്നാം കേരള നിയമസഭ**

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട**
**ചോദ്യം നമ്പർ: 461**

**06.02.2014 - ൽ**
**മറുപടിയ്ക്ക്**

# വനിതാപോലീസ് സേനയുടെ ശാക്തീകരണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. സണ്ണി ജോസഫ്**<br>**" എം. എ. വാഹീദ്**<br>**" ലൂഡി ലൂയിസ്**<br>**" പി. സി. വിഷ്ണുനാഥ്** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) വനിതാ പോലീസ് സേനയെ ശാക്തീകരിക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) വനിതാ പോലീസ് സേനയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അവരുടെ അംഗബലം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ആയിരം വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെയും 250 വനിതാ എസ്.ഐ-മാരുടെയും തസ്തിക സൃഷ്ടിക്കുന്നതിനും പ്രസ്തുത തസ്തികകളിലേയ്ക്ക് പ്രത്യേക നിയമനം നടത്തുന്നതിനുമുള്ള ശുപാർശ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ബി) ഇതിനായി സേനയിലെ വനിതാ പ്രാതിനിധ്യം നിശ്ചിത ശതമാനമായി ഉറപ്പിക്കുന്ന കാര്യം ആലോചിക്കുമോ; വിശദാംശങ്ങൾ നല്കാമോ; | (ബി) 10% ആക്കുന്നതിനായി നടപടി സ്വീകരിച്ച് വരുന്നു. |
| (സി) വനിതാ പ്രാതിനിധ്യം ഏർപ്പെടുത്തുമ്പോൾ ഏതൊക്കെ തസ്തികകളിലാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) വനിതാ എസ്.ഐ, വനിതാ സിവിൽ പോലീസ് ഓഫീസർ എന്നീ തസ്തികകളിലാണ് പ്രാതിനിധ്യം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. |
| ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ? | (ഡി) പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**